(ജി) ഇതിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വാടക ഇനത്തിൽ എന്തു തുക പ്രതിമാസം നൽകുന്നുണ്ട് എന്ന് വിശദമാക്കാമോ ;

(എച്ച്) തിരുവനന്തപുരത്ത് ട്രഷറി കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന് 22 ജില്ലാ ട്രഷറികളും 164 സബ് ട്രഷറികളും, 17 ഏകാംഗ ട്രഷറികളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇതിൽ 103 ബാങ്കിംഗ് ട്രഷറികളും 80 നോൺ ബാങ്കിംഗ് ട്രഷറികളും ഇടപാടുകൾ ഇല്ലാത്ത 3 ജില്ല ഉണ്ട്. 17 ഏകാംഗ ട്രഷറികൾ നോൺ ബാങ്കിംഗ് ആയിട്ടാണ് പ്രവർത്തിക്കുന്നത്.

(സി) ബാങ്കിംഗ് ട്രഷറികൾ വഴി ഇടപാടുകൾ നടത്തുന്നതിനു സർക്കാർ ബാങ്കുകൾക്ക് കമ്മിഷൻ ഒന്നും തന്നെ നൽകുന്നില്ല.

(ഡി) മുഴുവൻ ധന ഇടപാടുകളും ട്രഷറി വകുപ്പ് നേരിട്ട് കൈകാര്യം ചെയ്യുന്നതിനുള്ള പദ്ധതികൾ ഒന്നും തന്നെ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ട്രഷറി വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ 8 ട്രഷറികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതു കൂടാതെ തിരുവനന്തപുരം ജില്ലയിലുള്ള ട്രഷറി ഡയറക്ടറുടെ ആഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(എഫ്) 8 വാടക കെട്ടിടങ്ങൾക്ക് പ്രതമാസം 22910 രൂപ വാടകയിനത്തിൽ ചെലവാകുന്നുണ്ട്. ട്രഷറി ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് പ്രതിമാസം 25000 രൂപ വാടക നൽകുന്നുണ്ട്.

(ജി) ഇതിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വാടക ഇനത്തിൽ 21006 രൂപ പ്രതിമാസം വാടക നൽകുന്നുണ്ട്.

(എച്ച്) തിരുവനന്തപുരത്ത് ട്രഷറി കോംപ്ലക്സ് സ്ഥാപിക്കുന്നതിന് വേണ്ടി സ്ഥലത്തിന്റെ ലഭ്യത അന്വേഷിച്ചു വരുന്നു.

ട്രഷറി വകുപ്പിൽ ഡെപ്പോസിറ്റിംഗ് ജീവനക്കാർക്ക് ഇൻസെന്റീവ്

19 (1294) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി വകുപ്പിൽ ഡെപ്പോസിറ്റ് ചേർക്കുന്നതിന് ജീവനക്കാർക്ക് ഇൻസെന്റീവ് നൽകുന്നുണ്ടോ ; എങ്കിൽ 2000-2001 വർഷത്തിൽ ഇതുവരെയായി എന്തു തുക ഈയിനത്തിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) നിക്ഷേപത്തുക പുതുക്കി നിക്ഷേപിക്കുമ്പോഴും ഇൻസെന്റീവ് നൽകാറുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈയിനത്തിൽ എന്തു തുക ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പെൻഷൻ ആനുകൂല്യങ്ങൾ വാങ്ങുമ്പോൾ പ്രസ്തുത തുക മുഴുവനും ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് വ്യവസ്ഥയുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇത്തരത്തിൽ പെൻഷൻകാരെ നിർബന്ധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2000-2001 ൽ ഈ ഇനത്തിൽ 5 കോടി 25 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പെൻഷൻ ആനുകൂല്യങ്ങൾ വാങ്ങുമ്പോൾ ആ തുക മുഴുവൻ ട്രഷറിയിൽ നിക്ഷേപിക്കണമെന്നു വ്യവസ്ഥയില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ട്രഷറിയിൽ പണം നിക്ഷേപിച്ച ക്ഷേമനിധി ബോർഡുകൾ

20 (1293) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ക്ഷേമനിധി ബോർഡുകളോടാണ് ട്രഷറിയിൽ പണം നിക്ഷേപിക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(ബി) ഏതെല്ലാം ക്ഷേമനിധി ബോർഡുകൾ ഗവൺമെന്റ് ആവശ്യപ്പെട്ടത് അനുസരിച്ച് പണം നിക്ഷേപിച്ചിട്ടുണ്ട് ; എത്ര കോടി രൂപ ഈ ഇനത്തിൽ നിക്ഷേപിച്ചിട്ടുണ്ട് ; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഏതെങ്കിലും ക്ഷേമനിധി ബോർഡുകൾ ഗവൺമെന്റിന്റെ ആവശ്യം നിരാകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ബോർഡുകൾ ഏതെല്ലാമാണ് ; അതിനുള്ളകാരണം എന്തെല്ലാം ;

(ഇ) എന്തിന് വേണ്ടിയാണ് ട്രഷറിയിൽ പണം നിക്ഷേപിക്കണമെന്ന് ആവശ്യപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കള്ള് ചെത്ത് തൊഴിലാളി, അബ്കാരി തൊഴിലാളി, ചുമട്ട് തൊഴിലാളി, മോട്ടോർ തൊഴിലാളി, കെട്ടിട നിർമ്മാണ തൊഴിലാളി, എന്നീ ക്ഷേമനിധി ബോർഡുകളോടാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly